


# ലോക ഐ. ടി. നിറുകയിൽ
# മലയാളത്തിന്റെ യൗവ്വനപ്പെരുമ



കൗമാരം വിട്ട് യൗവനത്തിലേക്ക് കാലൂന്നുമ്പോൾ പ്രകടമാക്കിയ അനിതര സാധാരണമായ കർമകുശലതയും നൈരപേക്ഷ്യമല്ലാത്ത ഇച്ഛാശക്തിയും നൈരന്തര്യമായ അർപ്പണബോധവും എല്ലാത്തിനുമുപരി പ്രവാരണ ലക്ഷ്യത്തോടു കൂടിയ ആത്മവിശ്വാസവും ആണ് ലിപീഷ് എന്ന എഞ്ചിനീയറിങ് വിദ്യാർഥിയെ ലോക ഐ. ടി ഭൂപടത്തിൽ അടയാളപ്പെടുത്തിയത്. പഠനരംഗത്ത് പറയത്തക്ക നേട്ടങ്ങളൊന്നും രേഖപ്പെടുത്താതിരുന്നിട്ടുകൂടി പ്രായോഗിക ജീവിതത്തിൽ തിളക്കമാർന്ന നേട്ടങ്ങൾ കൊയ്തെടുത്ത് ഇനിയും വെട്ടിപ്പിടിക്കാനുള്ള സുവർണാവസരങ്ങൾക്കായി ആഗ്നേയാസ്ത്രങ്ങൾക്ക് മൂർച്ച കൂട്ടുകയാണ് ലിപീഷ് പാറാട്ട്. മലയാള മണ്ണിൽ ഈ പേരിന് അപരിചിതത്വത്തിന്റെ ഊറൻ ഗന്ധമാണെങ്കിലും അമേരിക്ക, ജർമനി, ഫ്രാൻസ്, ഇറ്റലി, സ്പെയിൻ, ബൽജിയം, ഓസ്ട്രിയ, ആസ്ട്രേലിയ, നെതർലാന്റ്സ്, ബഹറിൻ, ഖത്തർ, ജപ്പാൻ, ചൈന, ആഫ്രിക്ക, യു.എ.ഇ തുടങ്ങിയ ലോകരാഷ്ട്രങ്ങളിലെ ഐ. ടി മേഖലയിൽ ഈ അനാഗതശ്മശ്രുവിന് ഇരിപ്പിടമുണ്ട് - Zesty Beanz ടെക്നോളജീസിന്റെ സി. ഇ. ഒയും എം. ഡിയും എന്ന വിലാസമാണ് ആ ഇരിപ്പിടത്തിന് നിമിത്തം.

ശ്രീകൃഷ്ണപുരം ഗവൺമെന്റ് എഞ്ചിനീയറിങ് കോളജിലെ ബി. ടെക് (ഇലക്ട്രോണിക്സ് ആന്റ് കമ്യൂണിക്കേഷൻസ്) വിദ്യാർഥിയായിരുന്നു രണ്ടായിരാമാണ്ടിന്റെ പാതിയിൽ ലിപീഷ്. എയർഫോഴ്സ് ജീവനക്കാരനായിരുന്ന മലപ്പുറം ജില്ലയിലെ വേങ്ങര കണ്ണാട്ടിപടി പാറാട്ട് പരമേശ്വരന്റെയും അധ്യാപികയായ ലക്ഷ്മിയുടെയും മൂന്നു മക്കളിൽ മൂത്തവനായ ലിപീഷ് ഒരു സാധാരണ വിദ്യാർഥിയായിരുന്നു. (സഹോദരി ലിജിഷ കോഴിക്കോട് പോളിടെക്നിക് ലക്ചറർ, സഹോദരൻ ലിജേഷ് എ

ഞ്ചിനീയറിങ് വിദ്യാർഥി). ബാല്യം മുതലേ സുഹൃദ്ബന്ധങ്ങളുണ്ടാക്കുന്നതിൽ അസാധാരണമായ പാടവം പ്രകടമാക്കി. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ കഴക്കൂട്ടം സൈനിക സ്കൂൾ തരം തൊട്ട് എഞ്ചിനീയറിങ് വിദ്യാഭ്യാസകാലം വരെയുള്ള ചില സുഹൃത്തുക്കൾ ലിപീഷിന്റെ വിജയഗാഥയിൽ പിന്നീട് ഭാഗഭാക്കായതും ആ സ്വഭാവവിശേഷത്തിന്റെ അനുരണനമായിരിക്കാം.



വിദ്യാർഥികൾക്കിടയിലെ സ്വീകാര്യത കോളജ് യൂണിയൻ ചെയർമാൻ പദവിയിലെത്തിച്ചെങ്കിലും അതൊരു നഷ്ടക്കച്ചവടമായതായി ലിപീഷ് ചെറുചിരിയോടെ വിലയിരുത്തുന്നു. പ്രസ്തുത പദവി മൂലമുണ്ടായ സാമ്പത്തിക ബാധ്യത വീട്ടിലറിയാതെ കൊടുത്തുതീർക്കുന്നതിന് സുഹൃത്തുക്കളാണ് സഹായിച്ചത്. കൊടുത്തും വാങ്ങിയുമുള്ള ആ സുഹൃദ്ബന്ധം ലോകമെങ്ങും കേളി കേട്ട മഹദ്സ്ഥാപനത്തിന് അടിത്തറയാവുകയും ചെയ്തു. ഇതിനിടെ ഒരു മൾട്ടിനാഷണൽ കമ്പനിയിലേക്ക് ക്യാമ്പസ് സെലക്ഷൻ ലഭിച്ചെങ്കിലും ചില സാങ്കേതിക തടസ്സങ്ങൾ കാരണം അത് നിരാകരിക്കേണ്ടി വന്നു ലിപീഷിന്. ഫൈനൽ സെമസ്റ്ററിലെ അപ്രതീക്ഷിത തോൽവി ലിപീഷിനെ സംബന്ധിച്ചിടത്തോളം വിജയത്തിന്റെ ചവിട്ടുപടിയാകുകയായിരുന്നു. തോൽവി നൽകിയ പാഠത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് മറ്റേതൊരു ഐ. ടി. ബിരുദധാരിയെയും പോലെ ഇന്ത്യയുടെ ഐ. ടി. ഹബ്ബായ ബങ്കളൂരുവിലേക്ക് വണ്ടി കയറി. ജീവിതത്തിന്റെ ദുരിതപർവമായിരുന്നു ആ നാളുകൾ. അവിടെ ഹോട്ടൽ ബിസിനസ്സുകാരനായ നാട്ടുകാരൻ ശരത്തിന്റെ സഹായത്തോടെ ഒരു കമ്പ്യൂട്ടർ ഹാർഡ്‌വെയർ ഷോപ്പിൽ ജോലിക്കാരനായി ഇടുങ്ങിയ വാടകമുറിയിൽ ദിനരാത്രങ്ങൾ തള്ളിനീക്കുമ്പോൾ സ്വന്തമായി ഒരു ഐ. ടി. ബിസിനസ് എന്ന ലക്ഷ്യം ലിപീഷിന്റെ മനസ്സിൽ പീലി വിടർത്തുകയായിരുന്നു. ക്രിയാത്മകമായ മത്സരബുദ്ധി ആ സ്വപ്നം യാഥാർഥ്യമാകുന്നതിന് അടിവരയാവുകയും ചെയ്തു. കഴക്കൂട്ടം സൈനിക സ്കൂളിൽ തന്നെക്കാൾ വളരെ സീനിയറായിരുന്ന ദിലീപിനെ യാദൃച്ഛികമായി ഇന്റർനെറ്റിലൂടെ ബന്ധപ്പെട്ടത് സ്വപ്നസാക്ഷാത്കാരത്തിന് കാരണഭൂതമാവുകയായിരുന്നു.



ദുബായ് ജിടെക്സ് സന്ദർശിച്ചപ്പോൾ ഇൻഫോപാർക്ക് മുൻ സി.ഇ.ഒ. ഗിരീഷ് ബാബു, ഇപ്പോഴത്തെ സി.ഇ.ഒ. ബിനു പാഴൂർ, ടെക്നോപാർക്ക് സി.ഇ.ഒ. മെർവിൻ അലക്സാണ്ടർ എന്നിവരോടൊപ്പം

അങ്ങനെ ദുബായ് കേന്ദ്രമായ നെറ്റ്‌വർക്ക് ഗർഫിന്റെ സഹായത്തോടെയാണ്, സുഹൃത്ത് സിനോജിനൊപ്പം എറണാകുളം കടവന്ത്രയിൽ ലിപീഷ് ഇതേ പേരിൽ തന്നെ തന്റെ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. 2007ൽ എളിയ നിലയിലാരംഭിച്ച പ്രസ്തുത സ്ഥാപനം സെസ്ടി ബീൻസ് ടെക്നോളജീസ് എന്ന പേരിൽ പടർന്നു കയറിയതും ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്ട്‌വെയർ മേഖലയിൽ ശ്രദ്ധേയമായ ഒരു സർവീസ് പ്രൊവൈഡറായതും ചരിത്രം. നാലു വർഷം പിന്നിട്ടപ്പോൾ, നടപ്പു സാമ്പത്തിക വർഷം 250 ശതമാനമാണ് സെസ്ടി ബീൻസിന്റെ വളർച്ച രേഖപ്പെടുത്തിയതെന്നുകൂടി അറിയുക. പാഠപുസ്തകങ്ങളിൽ നിന്നാർജിച്ച അറിവിനോടൊപ്പം പ്രായോഗിക ജീവിതത്തിൽ നിന്നുൾക്കൊണ്ട ഗഹനമായ പാഠങ്ങളും കൂടി ചേർന്നപ്പോൾ അത് ബിസിനസ് രംഗത്തെ കുതിച്ചു ചാട്ടത്തിനും തദ്വാരാ ഈ വർഷത്തെ മികച്ച ഐ. ടി. സംരംഭകനുള്ള കേന്ദ്ര സാങ്കേതിക വകുപ്പിന്റെ ഐ. എസ്. ബി. എ പുരസ്കാര ലബ്ധിക്കും വഴിയൊരുക്കി. മാത്രമല്ല രണ്ടു വർഷത്തെ പ്രവർത്തനമികവു കൊണ്ടു തന്നെ നാസ്കോ (Nasscom)മിൽ സാന്നിധ്യവുമറിയിച്ചു. ഇൻഫോസിസ്, സി. ടി. എസ് മുതലായ വമ്പൻ കമ്പനികളെ പ്രതിനിധീകരിക്കുന്ന നാസ്കോമിലെ അംഗത്വം പക്ഷേ ലിപീഷിനെയും കൂട്ടാളികളെയും കൂടുതൽ വിനയാന്വിതരാക്കിയിട്ടേയുള്ളു.



സെസ്ടി ബീൻസ് ടെക്നോളജീസിന്റെ രണ്ടാം വാർഷിക വേളയിൽ ടീം അംഗങ്ങൾ

കമ്പനിയുടെ തുടക്കത്തിൽ വെബ് ഡിസൈനിങ്ങിലായിരുന്നു ശ്രദ്ധ ചെലുത്തിയിരുന്നതെങ്കിലും പിന്നീട് ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് ERPയിലേക്ക് വഴിമാറുകയായിരുന്നു. ഇവിടം തൊട്ടാണ് സെസ്ടി ബീൻസ് ടെക്നോളജീസിന്റെ വളർച്ച ആരംഭിക്കുന്നത്, ഒപ്പം ലിപീഷിന്റെയും. തുച്ഛമായ 5000 രൂപ മുതൽമുടക്കോടെ തുടക്കം കുറിച്ച പ്രസ്ഥാനത്തിന് ആദ്യമായി പ്രതിഫലം ലഭിച്ചത് ഫ്രാൻസിൽ നിന്ന് - 2500 ഡോളർ! ലിപീഷിന്റെയും സിനോജിന്റെയും ആത്മവിശ്വാസം അതോടെ വർധിച്ചു. തങ്ങൾ തിരഞ്ഞെടുത്ത പന്ഥാവും കഠിനാധ്വാനവും സഫലമാവുകയാണെന്ന തിരിച്ചറിവ് അവരുടെ തുടർപ്രവർത്തനങ്ങൾക്ക് ഊർജദായകമായി. ശ്രീകൃഷ്ണപുരത്ത് തങ്ങളുടെ സഹപാഠികളായിരുന്ന അനൂപിനെയും ഷോബിനെയും ഉൾപ്പെടുത്തി പ്രവർത്തനം വിപുലീകരിച്ചു. ഈ സമയത്ത് ഓസ്ട്രിയയിൽ നിന്നും ലഭിച്ച വലിയ കോൺട്രാക്ട് അവർക്ക് പുത്തനുണർവായി. പിന്നീട് വളർച്ചയുടെ പടവുകൾ ഒന്നൊന്നായി കയറുകയായിരുന്നു സെസ്ടി ബീൻസ്. പഴയ സഹപാഠികളായ അജസിൻ, ഹെഫ്ടിൻ, വിഷ്ണു, ലിപിൻ എന്നിവർ ഈ ഘട്ടത്തിൽ ഇവരോടൊപ്പം ചേർന്നു.



'ഇന്റർവെൽ' അണിയറ പ്രവർത്തകർ ഈസ്റ്റ്കോസ്റ്റ് വിജയനോടൊപ്പം

ഇതിനിടെ 2009ൽ ലിപീഷ് ആദ്യത്തെ വിദേശയാത്ര നടത്തി. ഇൻഫോപാർക്കിന്റെ സ്ഥാപക സി.ഇ.ഒ ആയിരുന്ന ഗിരീഷ് ബാബുവിന്റെ പ്രചോദനവും പ്രോത്സാഹനവുമാണ് വിദേശയാത്രയ്ക്കു പ്രേരകമായത്. കമ്പനിയെ രാജ്യങ്ങൾക്കു മുമ്പിൽ വെളിപ്പെടുത്തണമെങ്കിൽ വിദേശയാത്ര അനിവാര്യമാണെന്നായിരുന്നു ഗിരീഷിന്റെ ഉപദേശം. അങ്ങനെയാണ് ആദ്യത്തെ ബ്രസൽസ് യാത്ര. ലോകരാഷ്ട്രങ്ങൾ ഓരോന്നായി സെസ്ടി ബീൻസിന്റെ സേവനം കാംക്ഷിച്ചെത്തുന്നതങ്ങനെ. ഓപ്പൺസോഴ്സ് ഇ.ആർ.പി. സോഫ്ട്‌വെയർ മേഖലയിൽ ഏറ്റവും പോപ്പുലറായിട്ടുള്ള ഓപ്പൺ ഇ.ആർ.പി. സേവനരംഗത്ത് ലോകത്തെ മികച്ച ഐ. ടി. വിദഗ്ധരായ 20 പേർ ഉൾക്കൊള്ളുന്ന സെസ്ടി ബീൻസിന്റെ കേന്ദ്ര ഓഫീസ് കടവന്ത്രയിലെ കൊച്ചു




മുറിയിൽ നിന്ന് കോഴിക്കോട് റീജിണൽ എഞ്ചിനീയറിങ് കോളജ് ക്യാമ്പസിലേക്കും തുടർന്ന് ഇപ്പോൾ തിരുവനന്തപുരത്തെ ടെക്നോ പാർക്കിലേക്കും മാറ്റിക്കഴിഞ്ഞു.

ഒരു 26 വയസ്സുകാരന് സ്വപ്നം കാണാൻ പോലുമാവാത്ത ഉന്നതിയിൽ എത്തിനിൽക്കുമ്പോഴും ലിപീഷിന് സ്വന്തമായ ഒരു തൊഴിൽവീക്ഷണവും സാംസ്കാരികദർശനവും ഉണ്ട്. ഈ സാംസ്കാരിക ദർശനത്തിന്റെ ദൃഷ്ടാന്തമാണ് ലിപീഷും സുഹൃത്തുക്കളും ഇറക്കിയ 'ഇന്റർവെൽ' എന്ന മ്യൂസിക് ആൽബം. ഐ. ടി. രംഗത്തെ സമയനിഷ്ഠ ഇല്ലാത്ത ജോലിക്കിടയിലും കലാസാംസ്കാരിക പ്രവർത്തനത്തിന് സമയം കണ്ടെത്താനുള്ള ടൈം മാനേജ്മെന്റിന്റെയും സഹപ്രവർത്തകരിൽ അന്തർലീനമായിട്ടുള്ള കലാപാരമ്പര്യം സംരക്ഷിക്കുവാനുള്ള ലിപീഷിന്റെ വ്യക്തിതാൽപര്യത്തിന്റെയും സംഗീതാത്മകമായ ഉദാഹരണമാണ് ഈ മ്യൂസിക് ആൽബം. ഈസ്റ്റ് കോസ്റ്റാണ് ആൽബം റിലീസ് ചെയ്തിരിക്കുന്നത്.

യുവാക്കൾ ബ്രാൻഡായി മാറിക്കൊണ്ടിരിക്കുന്ന വർത്തമാനകാല സാഹചര്യത്തിൽ സ്വയം തൊഴിൽ ചെയ്യാൻ സന്നദ്ധരായിട്ടുള്ളവർക്ക് സാങ്കേതികമായി ഉപദേശം നൽകുവാനും കമ്പ്യൂട്ടർ അടക്കമുള്ള ഉപകരണങ്ങൾ നൽകി സഹായിക്കാനും ലിപീഷും സെസ്ടി ബീൻസ് ടെക്നോളജീസും സദാ സന്നദ്ധമാണ്. ഇതിന്റെ ഭാഗമായി കേരളത്തിലും ബംഗളൂരു, ചെന്നൈ, ഡൽഹി ഉൾപ്പെടെയുള്ള സ്ഥലങ്ങളിലും ഐ. ടി. ആന്റ് മാനേജ്മെന്റ് കോളേജുകളിൽ വിദ്യാർത്ഥികൾക്ക് സെമിനാറുകളും വർക്ക്ഷോപ്പുകളും നടത്തുന്നതിന് ലിപീഷും കൂട്ടരും സമയം നീക്കി വെയ്ക്കുന്നുണ്ട്.

ലിപീഷിന്റെയും സെസ്ടി ബീൻസ് ടെക്നോളജീസിന്റെയും അത്ഭുതപൂർവ്വമായ വളർച്ച വർത്തമാനകാല മധ്യവർഗ്ഗ യുവത്വങ്ങൾക്കും മാതാപിതാക്കൾക്കും നേരേയുള്ള കലഹവും മാതൃകയും ആണ്. മക്കളെ ചെറുക്ലാസ്സുകളിലെ പഠനകാലത്തു തന്നെ ഡോക്ടർമാരും എഞ്ചിനീയർമാരും ഐ. എ. എസ്കാരും ആക്കിത്തീർക്കുവാനുള്ള മാതാപിതാക്കളുടെ ബ്രാന്റഡ് ശിക്ഷണത്തിനെതിരേയുള്ള വെല്ലുവിളി കൂടിയാണ് സെസ്ടി ബീൻസ് ടെക്നോളജീസിന്റെ വളർച്ച. അക്കാദമിക് തലത്തിൽ കൂടുതൽ മാർക്ക് വാങ്ങി മിടുക്ക് തെളിയിക്കാൻ നിർബന്ധിച്ചു വളർത്തിയെടുക്കുന്ന കുഞ്ഞുങ്ങൾ പിന്നീട് മറ്റൊരാളുടെ ഉടമസ്ഥതക്ക് കീഴിൽ "ഗ്ലോറി ഫൈഡ്" അടിമപ്പണി ചെയ്യുന്നതിൽ ഇന്നത്തെ മാതാപിതാക്കൾക്കേതുമില്ല വൈക്ലബ്യം. എന്നാൽ ആരുടേയും ആജ്ഞാനുവർത്തിയായി ജോലി ചെയ്യാതെ സ്വതസിദ്ധമായ കഴിവിലൂടെ സ്വന്തമായി ഒരു തൊഴിൽ കണ്ടെത്തി വിജയിപ്പിച്ച് എടുക്കുന്ന ഒരു തൊഴിൽ സംരംഭകനാകാനായിരുന്നു ലിപീഷിന്റെ ലക്ഷ്യം. ആ ലക്ഷ്യത്തിലേക്കുള്ള മാർഗ്ഗങ്ങൾ ഒട്ടും സുഗമമായിരുന്നില്ലെങ്കിലും നിശ്ചയദാർഢ്യത്തോടെ, ആത്മവിശ്വാസത്തോടെ, ഇച്ഛാശക്തിയോടെ പ്രവർത്തിച്ചതിന്റെ നേട്ടമാണ് ഇന്ന് സെസ്ടി ബീൻസ് ടെക്നോളജീസിന് ലോകരാഷ്ട്രങ്ങൾക്കിടയിലുള്ള അംഗീകാരം. ഉറക്കമിളച്ച് കഠിനാദ്ധ്വാനം ചെയ്ത ഭൂതകാലത്തെ നോക്കി അതുകൊണ്ടു തന്നെ നന്ദിപൂർവ്വം മന്ദഹസിക്കാൻ ലിപീഷിനും സഹപ്രവർത്തകർക്കും

കഴിയുന്നു. കൂട്ടായ്മയുടെയും സൗഹാർദ്ദത്തിന്റെയും മലയാള സംസ്ക്കാരത്തിന്റെയും മൂല്യബോധനങ്ങളെ സ്വാശീകരിച്ച് പുതിയ ഒരു യുവസമൂഹത്തെ വാർത്തെടുക്കുകയാണ് തന്റെയും സഹപ്രവർത്തകരുടെയും ആത്യന്തിക ലക്ഷ്യം എന്നു മനസ്സു തുറക്കുന്ന ലിപീഷ് പക്ഷേ, മുഖം നോക്കാതെ തുറന്നടിക്കുകയും ചെയ്യുന്നു. അതിങ്ങനെ.

യുവാക്കൾ ബിസിനസ് തുടങ്ങാൻ പലരിൽ നിന്നും പണം വാങ്ങുന്ന ചിന്താഗതിയാണ് നിലനിൽക്കുന്നത്. ഈ പ്രവണത മാറണം. കൂടുതൽ മുതൽമുടക്കില്ലാത്ത പദ്ധതികളാണ് തിരഞ്ഞെടുക്കേണ്ടത്. ഗ്ലാമറിന്റെ പിറകെയോ പണത്തിന്റെ പിറകെയോ പോകാതെ പദ്ധതികളുമായി മുന്നോട്ടു പോകണം. സാങ്കേതികപരിജ്ഞാനത്തിലും ഭാഷാപരിജ്ഞാനത്തിലുമുപരി അർപ്പണബോധത്തോടെ പ്രവർത്തിച്ചാൽ തൊഴിൽ സംബന്ധമായ കിടമത്സരങ്ങളെ ഭയക്കേണ്ടതില്ലെന്നു മാത്രമല്ല അതിജീവിക്കുകയും ചെയ്യാം. എത്ര ഉന്നതിയിലെത്തിയാലും പിന്നിട്ട വഴികളെക്കുറിച്ചുള്ള ഓർമ്മകൾ ഉണ്ടായിരിക്കണം. നാടിനും നാട്ടുകാർക്കും എന്തെങ്കിലും ചെയ്യാനാണ് ശ്രമിക്കേണ്ടത്.

■ ഓപ്പൺസോഴ്സിന്റെ മേന്മയും സവിശേഷതകളും ബിസിനസ്സിന്റെ വളർച്ചയെ ഏതൊക്കെ രീതിയിൽ സഹായിക്കുമെന്ന് വിശദീകരിക്കാമോ?

ഓപ്പൺസോഴ്സ് രണ്ടു രീതിയിലാണ് ഉപയോഗിക്കുന്നത്. ഒരു ഉത്പന്നം ഓപ്പൺസോഴ്സായി റിലീസ് ചെയ്യുമ്പോൾ അത് ഉപയോഗിക്കുന്നവർ പോരായ്മകൾ ചൂണ്ടിക്കാട്ടിയാൽ അവ പരിഹരിച്ചു നൽകുന്നു. ഇത്തരത്തിൽ ആ ഉത്പന്നം എല്ലാ കടമ്പകളേയും അതിജീവിച്ച് വൻ വളർച്ച നേടുന്നു. ഉപയോഗിക്കുന്നവരുടെ പങ്കാളിത്തത്തോടെ ഇത്തരത്തിൽ സ്റ്റേബിളായ (Stable) ഉത്പന്നങ്ങൾ സോഴ്സ്കോഡ് സൗജന്യമായി നൽകിക്കൊണ്ട് തന്നെ സേവനത്തിനായി പണം സ്വീകരിക്കുന്നു. സേവനം ആവശ്യമെങ്കിൽ മാത്രം പണം നൽകിയാൽ മതിയെന്നതും ഇതിന്റെ സവിശേഷതകളാണ്.

രണ്ടാമത്തെ രീതിയും സേവനവിഭാഗത്തിൽപെടുന്നതാണ്. ഈ മാർഗ്ഗത്തിലൂടെയാണ് സെസ്ടി ബീൻസ് ടെക്നോളജീസ് വിജയം നേടിയിട്ടുള്ളത്. സ്റ്റേബിളായ ഒരു ഓപ്പൺസോഴ്സ് ഉപഭോക്താവിന്റെ പ്രത്യേക ആവശ്യങ്ങൾക്കനുസൃതമായി രൂപഭേദം വരുത്തി നൽകുന്നു. ഇവിടെയും സോഫ്ട്‌വെയർ കോഡ് സൗജന്യമായാണ് നൽകുന്നത്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികൾ ഉത്പന്നത്തിന്റെ പൊട്ടൻഷ്യൻ മനസ്സിലാക്കി മാർക്കറ്റ് സ്റ്റഡി നടത്തുകയും ഉപഭോക്താക്കളെ കണ്ടെത്തുകയും ചെയ്യുന്നു. ഇവിടെയും സേവനം ആവശ്യമെങ്കിൽ മാത്രമെ ഉപഭോക്താവ് പണം നൽകേണ്ടതുള്ളൂ.

□ഓപ്പൺസോഴ്സും അതിന്റെ സാധ്യതകളും കമ്പനിയുടെ വളർച്ചയിൽ എത്രത്തോളം സഹായിച്ചിട്ടുണ്ട്?

= ഓപ്പൺസോഴ്സ് എന്ന വാക്ക് വ്യാപകമായി ഉപയോഗപ്പെടുത്തുന്നതിന് മുമ്പേ ഈ ആശയം പല രൂപത്തിലും പ്രാബല്യത്തിൽ വന്നിരുന്നു. ഇന്റർനെറ്റിന്റെ ആവിർഭാവത്തോടെയാണ് ഓപ്പൺസോഴ്സിനു ശക്തിപകർന്നത്. ഈ പ്രസ്ഥാനത്തെ ഇരുകൈയും നീട്ടി സ്വീകരിക്കുന്നതിൽ ലോകരാജ്യങ്ങളായിരുന്നു മുന്നിൽ. അതിന്റെ സാധ്യതകൾ തിരിച്ചറിഞ്ഞതോടെയാണ് നമ്മുടെ രാജ്യം ഇതിൽ ആകൃഷ്ടമായത്. ഇതിന്റെ പ്രായോഗിക ഉപയോഗത്തേക്കാൾ കുത്തകകൾക്കെതിരെയുള്ള ആയുധം എന്ന നില യിലാണ് വിപ്ലവവീര്യത്തോടെ മലയാളികൾ ഇതിനെ കണ്ടത്. എല്ലാം സൗജന്യമായി നൽകുന്ന ഓപ്പൺസോഴ്സ് ഉപയോഗിച്ച് എങ്ങനെ ബിസിനസ് വികസിപ്പിക്കാൻ പറ്റുമെന്ന് ചിന്തിക്കുന്നവരും കൂട്ടത്തിൽ ഉണ്ടായിരുന്നു. പക്ഷേ പ്രാബല്യത്തിൽ വന്നതോടെ ഇതിന്റെ ഗുണഭോക്താക്കളായവരാണ് ഈ സംവിധാനത്തെ ജനകീയമാക്കിയത്.



ലിപീഷ് ഫ്രീ സോഫ്ട് വെയർ ഫൗണ്ടേഷൻ സ്ഥാപകൻ റിച്ചാർഡ് എംസ്റ്റാൾമാനിനോടൊപ്പം

□ ഓപ്പൺ സോഴ്സ് മേഖലയിൽ വ്യാവസായിക സാധ്യത വളരെകുറവാണെന്ന ഒരു ധാരണ നിലവിലുണ്ട്. ഇത് ശരിയോ? ശരിയാണെങ്കിൽ ഇത് തരണം ചെയ്യാൻ എന്ത് നിർദ്ദേശമാണ് നൽകാനുള്ളത്?

= ഓപ്പൺ ഇ. ആർ. പി എന്ന ഓപ്പൺസോഴ്സ് ഉല്പന്നത്തിന്റെ സേവനത്തിലൂടെ എങ്ങനെ വ്യാപാരം ചെയ്യാമെന്ന് തെളിയിച്ചുകൊണ്ടാണ് കമ്പനി ലോകരാഷ്ട്രങ്ങൾക്കിടയിൽപ്പോലും വൻനേട്ടം കൈവരിച്ചിട്ടുള്ളത്. ഇ. ആർ. പി (Enterprise Resource Planning) കേവലം ചില ആവർത്തനപ്രക്രിയകൾക്ക് ഉപയോഗിക്കാവുന്ന ഒരു ഉപകരണം എന്നതിലുപരി ഒരു

കമ്പനിയുടെ ദൈനംദിന പ്രക്രിയകൾ മുഴുവനായി നിയന്ത്രിക്കുന്നതിനുള്ള ഒരു ഉപാധി എന്ന ആശയത്തിന്റെ പ്രതിഫലനമാണ് ഇ. ആർ. പി. വിവരങ്ങളും രേഖകളും കൃത്യമായി ക്രമീകരിച്ചു സംഭരിക്കുന്ന ഇ. ആർ. പി. ആവശ്യാനുസരണം അവയുടെ വിശകലനങ്ങളെ എളുപ്പമാക്കുന്നു. ബിസിനസ്സിൽ വിശകലനങ്ങൾക്ക് നല്ല പങ്കുണ്ട്. ഇതിനു പുറമെ മനുഷ്യവിഭവശേഷിയുൾപ്പെടെയുള്ള എല്ലാ മേഖലകളെയും ഇ. ആർ. പി. കൈകാര്യം ചെയ്യുന്നു.

ഇത്തരം സോഫ്ട്‌വെയറുകൾക്ക് വൻ തുകയാണ് പല കമ്പനികളും ഈടാക്കി വരുന്നത്. ചെറുകിട കമ്പനികൾക്ക് ഇതു വാങ്ങാൻ പലപ്പോഴും കഴിയാറില്ല. എസ്. എ. പി. ഒറാക്കിൾ, മൈക്രോസോഫ്ട് പോലുള്ള ഐ. ടി. ഭീമന്മാരുടെ ഇ. ആർ. പി. സോഫ്ട്‌വെയറുകൾക്ക് പലപ്പോഴും ഇത്തരം കമ്പനി


ഐ. എസ്. ബി. എ പുരസ്കാരം ഏറ്റുവാങ്ങിയപ്പോൾ


ഓപ്പൺ ഇ. ആർ. പി. സ്ഥാപകൻ ഫാബിയൻ പിനാക്കറുമൊത്ത്

യുടെ ബാലൻസ്ഷീറ്റിന്റെ പല മടങ്ങ് വില നൽകേണ്ടി വരാറുണ്ട്. ഈ സംവിധാനമില്ലാതെ വ്യാപാരം ചെയ്യാനാവില്ല എന്ന അവസ്ഥാവിശേഷത്തെ ഉടച്ചുവാർത്തുകൊണ്ടാണ് സെസ്ടി ബീൻസ് ഈ മേഖലയിൽ പ്രവർത്തനമാരംഭിച്ചത്. കേരളത്തിൽ പ്രവർത്തിച്ചുകൊണ്ട് അനേകം യൂറോപ്യൻ രാജ്യങ്ങളിലെ ഉപഭോക്താക്കൾക്കുപോലും സപ്പോർട്ട് നൽകിക്കൊണ്ട് ഓപ്പൺ സോഴ്സിന്റെ സേവനം ഉപയോഗപ്പെടുത്താൻ കഴിയുമെന്നതിലൂടെയാണ് കമ്പനി ലോകരാജ്യങ്ങളിൽ മികവുറ്റ പ്രവർത്തനം കാഴ്ചവെച്ചത്.

■ ഈ മേഖലയിലേക്കു വരുന്ന യുവതലമുറക്ക് അനുഭവത്തിന്റെ വെളിച്ചത്തിൽ നൽകാനുള്ള ഉപദേശം? ഓപ്പൺ സോഴ്സ് മേഖലയിൽ ബിസിനസ്സ് ചെയ്യുമ്പോൾ എളുപ്പത്തിൽ പണമുണ്ടാക്കാമെന്ന യുവതലമുറയുടെ ആഗ്രഹത്തെ എങ്ങനെ വിലയിരുത്തുന്നു?

നമ്മുടെ സമൂഹത്തിനു വേണ്ടിയോ മറ്റുള്ളവർക്കു വേണ്ടിയോ നമ്മുടെ കരിയർ വികസിപ്പിക്കാതെ സ്വന്തം കഴിവുകൾ മനസ്സിലാക്കി [illegible]ഖലകളിൽ ധൈര്യപൂർവ്വം ഇടപെടാനുള്ള ആർജ്ജവമാണ് പുതുതലമുറ കൈവരിക്കേണ്ടത്. വിദ്യാഭ്യാസത്തിൽ ഇതിന് കരുത്ത് പകരുന്ന പഠനരീതികളാണ് ഉൾപ്പെടുത്തേണ്ടത്. ബ്രാന്റിനോ പണത്തിനോ പ്രശസ്തിയ്ക്കോ പ്രാധാന്യം നൽകാതെ സാമൂഹ്യപ്രതിബദ്ധതക്ക് ഊന്നൽ നൽകുന്ന സംരംഭങ്ങളാണ് തുടങ്ങേണ്ടത്. കുട്ടികളെ അവരവരുടെ അഭിരുചിക്കനുസരിച്ച് വളർത്തിയെടുക്കാൻ രക്ഷിതാക്കൾ മുന്നിട്ടറങ്ങിയാൽ അത്തരം വിദ്യാർത്ഥികൾ ഭാവിയിൽ തുടങ്ങുന്ന ഏതു ബിസിനസ്സും തഴച്ചുവളരുമെന്നാണ് അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നത്.

■ പ്രവിരളവും ദ്രുതവുമായ വിജയത്തിനു പിന്നിലെ രഹസ്യം?

സെസ്ടി ബീൻസിന്റെ വിജയത്തിനു പിന്നിൽ രഹസ്യമൊന്നുമില്ല. കൂട്ടായ്മയും അർപ്പണബോധവും ഒത്തുചേരുമ്പോഴുണ്ടാകുന്ന അപരിമേയമായ ഊർജം ഒന്നു മാത്രമാണ് ഈ Start up കമ്പനിയുടെ വിജയത്തിന്റെ പ്രധാന ഘടകം. വളർച്ചയിലും തളർച്ചയിലും എന്നോടൊപ്പം അഹോരാത്രം പണിയെടുക്കുന്ന എന്റെ സുഹൃത്തുക്കൾ, പേരെടുത്തു പറഞ്ഞാൽ സിനോജ് സെബാസ്റ്റ്യൻ, അനൂപ്. പി, ലിപിൻ. പി, അനൂപ്കുമാർ. ബി, മുഹമ്മദ് ജാബിർ. കെ, ഷോബിൻ മാർകോസ്, അജസിൻ. ഇ, ഹെസ്റ്റിൻ ജോസ്, വിഷ്ണു.ഡി, വിജയകാന്ത്. പി, കിരൺ ബാലകൃഷ്ണൻ, ഫഹദ്. എ. ബഷീർ, മുഹമ്മദ് ആരിഫ്, എം. പി, ശ്രീകാന്ത്. പി, വിമൽരാജ്. കെ, ജനീഷ്. എ, ഓമൽ ബാസ്റ്റിൻ. പി. എ, വിനോദ് കുമാർ. കെ, ഷെൽട്ടൻ ഫ്രെഡി എന്നിവർ നൽകുന്ന നിർലോപമായ സഹായസഹകരണങ്ങൾക്ക് പകരം നൽകാൻ, ഉപയോഗിച്ചു പഴകി തേയ്മാനം വന്ന നന്ദി എന്ന വാക്കു മതിയാവില്ല. അതൊരു വികാരമാണ്, പ്രകടമാക്കാൻ അസാധ്യമായ വികാരം. മറ്റു വമ്പൻ ഐ. ടി. കമ്പനികളെപ്പോലെ പണക്കൊഴുപ്പോ അഡംബരമോ അല്ല ഞങ്ങളുടെ മുതൽക്കൂട്ട് – ആത്മാർഥത, അതൊന്നു മാത്രം. അതിനാൽത്തന്നെ ഈ സുഹൃത്തുക്കളുടെ മാതാപിതാക്കളും മറ്റു ഗുരുസ്ഥാനീയരും ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് പ്രസ്ഥാനവും ഇവിടെ സ്മരണീയരാണ്. □

